# രൂപതാ വാർത്തകൾ

## ഉപരിപഠനം

തോപ്പുംപടി സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ സഹവികാരിയായി സേവനം അനുഷ്ഠിച്ചിരുന്ന ബഹു. ലോറൻസ് പൊള്ളയിൽ അച്ചനും, സാന്തോം, സെന്റ് തോമസ് അപ്പോസ്തൽ ഇടവക ബ്ര. പുളിക്കൽ സാമുവലും ഉപരി പഠനാർത്ഥം പോർച്ചുഗലിലെ ലിസ്ബൺ രൂപതാ സെമിനാരി യിലേക്ക് ഏപ്രിൽ 28-ാം തിയതി യാത്രയായി. രണ്ടുപേർക്കും എല്ലാവിധ ഭാവുകങ്ങളും മംഗളങ്ങളും.

## ജീവനാദം

ജീവനാദം വാരികയുടെ പ്രചരണാർത്ഥമുള്ള അവധിക്കാല പരിപാടി ചെറിയകടവ്, അരൂർ, മുണ്ടംവേലി, ചുള്ളിക്കൽ എന്നീ ഇടവകകളിൽ റവ. ഫാ. ആർതർ അറയ്ക്കലിന്റെയും റവ. ഫാ. ടോമി പനയ്ക്കലിന്റെയും നേതൃത്വത്തിൽ സെമിനാരി വിദ്യാർത്ഥികളുടെ അവധിക്കാല പ്രവർത്തനമായി പുരോഗമി ക്കുന്നു. സഹകരിച്ച ഏവർക്കും നന്ദി അറിയിക്കുന്നു.

## രൂപതാ പാസ്റ്ററൽ കൗൺസിൽ

2005-2008 വരെയുണ്ടായ രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് അവരുടെ സന്മനസ്സിനും സഹകരണത്തിനും നന്ദി പറയുകയും, പുതുതായി രൂപതാ കൗൺസിലിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന എല്ലാ അംഗങ്ങൾക്കും സ്വാഗതം അറിയിക്കുന്നതോടൊപ്പം ആദ്യയോഗം ജൂൺമാസം 22-ാം തിയതി 9.30 ന് അഭിവന്ദ്യ പിതാവിനോടൊപ്പമുള്ള ദിവ്യബലി യോടെ സമാരംഭിക്കുന്നതാണ് എന്ന് അറിയിക്കുന്നു.

All Correspondence and the matters to be published in
THE LIGHT OF COCHIN may be addressed to:

**The Editor**
**The Light of Cochin**
**Bishop's House, Fort Cochin- 682 001.**



# The Light of Cochin

**COCHIN DIOCESAN BULLETIN**

*Patron*
**Rt. Rev. Dr. John Thattumkal**
Bishop of Cochin

*Editor*
**Rev. Fr. Antony Thamby Thaikkoottathil**

*Circulation Manager*
**Rev. Fr. Xavier Chiramel**

**Vol. XXXVII** **JUNE 2008** **No. 6**

**ഈ ലക്കത്തിൽ** **പേജ്**

| | |
|---|---|
| ആശംസകൾ | 03 |
| പിതാവ് മക്കളോട് | 05 |
| പത്രാധിപക്കുറിപ്പ് | 07 |
| സർക്കുലർ | 08 |
| സെമിനാരി പ്രവേശനം | 15 |
| Congregatio Pro Clericis | 17 |
| Prayers of Priests | 18 |
| Special Commission For Evaluation of Ten Year Plan of the Diocese of Cochin | 21 |
| Bishop's Engagements in June | 22 |
| രൂപതാ വാർത്തകൾ | 24 |

(For Private Circulation only)

**Blank**



# ആശംസകൾ

ജൂൺ 23, 24, 25 തിയതികളിൽ ജന്മദിനം,
നാമഹേതുക തിരുനാൾ, മെത്രാഭിഷേക
വാർഷികം എന്നിവ ആഘോഷിക്കുന്ന
**നമ്മുടെ സ്നേഹമുള്ള പിതാവിന്**
ആശംസകൾ പ്രാർത്ഥനകൾ നേരുന്നു.



സ്വന്തം ഇടയഗണം - **കൊച്ചി രൂപതാതനയർ**

Blank



## പിതാവ് മക്കളോട്



**ദൈ**വകരുണയുടെ എഴുന്നള്ളിവരവാണ് ദൈവമഹത്വത്തിന്റെ നീണ്ട 8 വർഷങ്ങൾ. കൊച്ചി രൂപതയുടെ പിതാവായി പരിശുദ്ധ സിംഹാസനം എന്നെ അവരോധിച്ചപ്പോൾ, എളിയവരെ ഉയർത്തുന്ന കർത്താവിന്റെ കരമാണ് എനിക്ക് താങ്ങും തണലും ആയിരുന്നത്. ആഴമേറിയ ഒരു വിശ്വാസപൈതൃകം മാത്രമാണ് കൊച്ചി രൂപതയ്ക്ക് കൈമുതലായുണ്ടായതെങ്കിൽ ആ വിശ്വാസ പൈതൃകത്തിന് രൂപവും ഭാവവും കൊടുക്കുവാൻ നിങ്ങളോടൊത്ത് ഞാനും കിണഞ്ഞു പരിശ്രമിക്കുകയാണ് ചെയ്തത്. പിറകോട്ട് തിരിഞ്ഞു നോക്കുമ്പോൾ ആനന്ദിക്കുവാൻ അനവധി അവസരങ്ങൾ ഉണ്ടായിട്ടില്ലെങ്കിലും ചിലതെല്ലാം സംതൃപ്തി തരുന്നുണ്ട്. അതുകൊണ്ട് തന്നെ ദൈവത്തിന് നന്ദി പറയുന്നു.

ആത്മീയ ജീവിതത്തിന് കഠിനമായ വെല്ലുവിളി ഉയരുന്ന, ഉയർത്തുന്ന ഈ കാലയളവിൽ, ആഗോളവൽക്കരണത്തിന്റെയും ഉപഭോഗസംസ്ക്കാരത്തിന്റെയും വിഷാംശങ്ങൾ മനുഷ്യത്വത്തിന്റെ ബീജത്തെപോലും കരിയിച്ചു കളയുകയാണിന്ന്. എല്ലാം സ്വന്തം ഉപയോഗത്തിനുവേണ്ടിയും, ഉപയോഗശേഷം വലിച്ചെറിയുവാനും പഠിച്ചു പരിശീലിച്ചു വരുന്ന ഈ തലമുറയ്ക്ക്, എങ്ങിനെയാണ് സ്വന്തം ജീവിതത്തെ മറ്റുള്ളവർക്കുവേണ്ടി അർപ്പിക്കുന്നതിന്റെ അർത്ഥം മനസ്സിലാകുക. ഇവിടെയാണ് ഇടയൻ എന്ന നിലയിലുള്ള ആടുകൾക്കുവേണ്ടി ജീവൻ ഹോമിക്കുന്ന നല്ല ഇടയാനാകാനുള്ള വിളിയുടെ സൗഭാഗ്യം അനുഭവിക്കുക.

Ut Unum Sind  എല്ലാവരും ഒന്നാകേണ്ടതിന് - എല്ലാവരെയും കാണാനും, എല്ലാവർക്കും എല്ലാമാകാനും അതുവഴി ഒന്നാകാനും ദൈവം ആഗ്രഹിക്കുന്നു. പുരോഗതിയുടെ പത്രാസും, പരിഷ്ക്കാരത്തിന്റെ മോടിയും മാറ്റിവച്ച് എളിയ മനുഷ്യരാകാനുള്ള വിളിയാണ് ഇടയന്റെയും, ഇടയനോടൊത്തുള്ള അജഗണത്തിന്റെയും വിളി. പരസ്പരം താങ്ങാവാൻ, കൈതാങ്ങാവാൻ.

നമ്മുടെ ഈ വിളിയിൽ പങ്കുകാരാകുന്ന എല്ലാവർക്കും എന്റെ നന്ദിയും അതോടൊപ്പം പ്രാർത്ഥനയും നേരുന്നു. എന്റെ മക്കൾക്ക്, കൊച്ചി രൂപതാമക്കൾക്ക്, എന്റെ സ്നേഹവും വാത്സല്യവും നന്ദിയും അറിയിക്കുന്നു.

**✠ ജോൺ തട്ടുങ്കൽ**
നിങ്ങളുടെ മെത്രാൻ





**പത്രാധിപക്കുറിപ്പ്**



# നയനങ്ങൾ അന്ധമായാൽ

**വെ**ളിച്ചത്തെ പിൻവലിച്ചാൽ പിന്നെ അന്ധകാരമായിരിക്കും. ദൈവീകാംശം പിൻവലിച്ചാൽ പിന്നെ പൈശാചികത്വമായിരിക്കും, സദുദ്ദേശം പിൻവലിച്ചാൽ ദുഷ്ടലാക്കാകും, ചൈതന്യം പിൻവലിച്ചാൽ പിന്നെ ചണ്ടിയായി മാറും. മനുഷ്യരായ നമ്മുടെ ഏതു പ്രവർത്തനങ്ങളിലും നിന്ന് ആത്മീയത കുറച്ചാൽ ഇതായിരിക്കും ഫലം. അനാത്മീയർ പ്രകടനപരതയിലും, അഹങ്കാരത്തിലും കഴിയുന്നവരാണ്. നാമൊക്കെ യേശുവിനെ ഗുരുവെന്ന് വിളിക്കുമെങ്കിലും അവന്റെ ഉപദേശത്തിനു വേണ്ടത്ര പ്രാധാന്യം കൊടുക്കാറില്ല, രക്ഷകൻ എന്നു പറയുന്നെങ്കിലും, രക്ഷിക്കപ്പെട്ട അനുഭവം കാണിക്കുന്നില്ല. നേതാവ് എന്നു പറയുന്നെങ്കിലും അനുകരിക്കാൻ മടിയാണ്. ചുരുക്കത്തിൽ ഭൗതികവും, പ്രകടനപരവുമായ കാര്യങ്ങൾ മാത്രമാണ് നമ്മൾ ശ്രദ്ധിക്കാറുള്ളത്.

ആത്മീയ വിളിക്കാർക്കുള്ള മുഖ്യപ്രശ്നം അവർ അറിയാതെ തന്നെ പുകഴ്ത്തപ്പെടുകയും ചെയ്യാറുണ്ട് എന്നതാണ്. മറ്റുള്ളവരുടെ പ്രശംസ അവരുടെ കണ്ണുകളെ അന്ധമാക്കുന്നു. ഷേബാ രാജ്ഞിയുടെ പ്രശംസയും രാജകൊട്ടാരത്തിന്റെ പ്രൗഢിയും ദേവാലയത്തിന്റെ മാഹാത്മ്യവുമൊക്കെ സോളമനെ അനാത്മീയനാക്കി.

ആത്മീയതയുടെ സ്വഭാവം ആന്തരീകമാണ്. അതിനാൽ നമുക്ക് ആന്തരീകമായതിനെ ശുദ്ധിചെയ്യാം, ഈ തിരുഹൃദയ വണക്കമാസത്തിൽ. വെളിച്ചവും ദൈവീകാംശവും, സദുദ്ദേശവും, ചൈതന്യവും ഉള്ളവരായി മാറാം.

**എഡിറ്റർ**

# ബൈബിൾ ഞായർ 2008

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ എനിക്ക് എത്രയും സ്നേഹമുള്ളവരേ,

ഇത് ദൈവവചനവർഷമാണ്. വളരെയേറെ ഉത്സാഹ ത്തോടും ആവേശത്തോടും കൂടിയാണ് കേരളസഭ വചന വർഷത്തെ സ്വാഗതം ചെയ്തിരിക്കുന്നത്. വചനത്തെ ആഴമുള്ള ഒരു അനുഭവമാക്കുവാൻ സഹായിക്കുന്ന നിരവധി കർമ്മ പരിപാടികൾ കേരളത്തിലെ മിക്കവാറും എല്ലാ രൂപതകളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കയാണ്. വചനത്തി നായുള്ള ദൈവജനത്തിന്റെ ദാഹവും വചനത്തിന് സഭയും സഭാമക്കളും നൽകുന്ന പ്രാധാന്യവും എടുത്തുകാട്ടുന്നതാണ് ഈ പരിപാടികളെല്ലാം.

വചനവർഷത്തിലെ ഇനി അവശേഷിക്കുന്ന ഏതാനും മാസങ്ങളും ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. വചനാനുഭവ ത്തിൽ വളരാൻ നമ്മെ സഹായിക്കുന്ന പല സംഭവങ്ങൾക്കും നാം സാക്ഷ്യം വഹിക്കുവാൻ പോവുകയാണ്. 2008 ജൂൺ മാസം 22-ാം തീയതി ബൈബിൾ ഞായറാഴ്ചയായി നാം ആചരിക്കുന്നു. ഇതിന് ഒരുക്കമായി ജൂൺ മാസം 16-ാം തീയതി മുതൽ 21-ാം തീയതിവരെ ബൈബിൾ വാരമായും നാം ആചരിക്കുകയാണ്. കൂടാതെ ഏറ്റവും വലിയ വചന പ്രഘോഷകനായ വിശുദ്ധ പൗലോസിന്റെ വർഷം ആരംഭിക്കുന്നതും വചന വർഷത്തിലെ അദ്ദേഹത്തിന്റെ തിരുനാളിലാണ്. പൗലോസ് അപ്പോസ്തലന്റെ 2000-ാം ജന്മദിനം സമുചിതമായി അനുസ്മരിക്കുവാൻ ഈ വരുന്ന ജൂൺ മാസം 28-ാം തീയതി മുതൽ 2009 ജൂൺ മാസം 27-ാം തീയതിവരെ പൗലോസിന്റെ വർഷമായി പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതുവഴി വചനത്തിന്റെ ശക്തി മനസ്സിലാക്കുകയും അതിന്റെ മാധുര്യം അനുഭവിച്ചറിയുകയും വചനപ്രഘോഷണത്തിനായി ജീവിതം സമർപ്പിക്കുകയും ചെയ്ത പൗലോസ് അപ്പോസ്തലനെ ക്രിസ്തു ശിഷ്യന്മാർക്കെല്ലാം ഒരു ഉജ്വലമാതൃകയായി മാർപാപ്പ





എടുത്തുകാട്ടുകയാണ്. വീണ്ടും ദൈവവചനം "സഭയുടെ ജീവിതത്തിലും ദൗത്യത്തിലും" എന്ന വിഷയം കേന്ദ്രീകരിച്ച് ഈ വരുന്ന 2008 ഒക്ടോബർ മാസം 5 മുതൽ 20 വരെ റോമിൽ വച്ച് നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ പശ്ചാത്തലത്തി ലാണല്ലോ കേരള സഭ ഇക്കൊല്ലത്തെ വചന വർഷമായി പ്രഖ്യാപിച്ചിരിക്കുന്നത്. പൊന്നിനേക്കാളും വെള്ളിയേക്കാളും ശ്രേഷ്ഠവും തങ്കത്തെക്കാളും രത്നത്തെക്കാളും വിലപ്പെട്ടതു മായ ദൈവവചനത്തെ ഒരു അമൂല്യ നിധിയെന്നതുപോലെ അന്വേഷിക്കുവാനും സ്വന്തമാക്കുവാനും (സഭാ. 3:14-15) വചന വർഷത്തിലെ വിവിധങ്ങളായ ഈ ആചാരങ്ങളെല്ലാം നമ്മെ സഹായിക്കുമെന്ന് പ്രത്യാശിക്കാം. ക്രിസ്തുകേന്ദ്രീകൃതവും വചനാധിഷ്ഠിതവുമായ ഒരു ജീവിതം നയിക്കുവാനുള്ള ആത്മാർത്ഥമായ ആഗ്രഹത്തോടെ ബൈബിൾ വാരവും ബൈബിൾ ഞായറും ആചരിച്ചുകൊണ്ട് നമുക്ക് വചനവർഷ ത്തിന്റെ രണ്ടാം ഘട്ടത്തിലേക്ക് കടക്കാം.

### "ദൈവവചനം - ജീവന്റെ നിറവിന്"

ദൈവവചന വർഷത്തിന്റെ ആപ്തവാക്യമായ "ദൈവ വചനം - ജീവന്റെ നിറവിന്" എന്നതു തന്നെയാണ് ഇക്കൊല്ലത്തെ ബൈബിൾ വാരത്തിന്റെയും ബൈബിൾ ഞായറിന്റെയും മുഖ്യ വിഷയം. "ഞാൻ നിങ്ങളോട് പറഞ്ഞ വചനങ്ങൾ ആത്മാവും ജീവനുമാണ്" (യോഹ. 6:63) എന്ന യേശുവിന്റെ വചനങ്ങളിൽ നിന്നെടുത്താണ് "ദൈവവചനം - ജീവന്റെ നിറവിന്" എന്ന ആപ്തവാക്യം. യേശുവിന്റെ വചനങ്ങൾ നൽകുന്ന ഈ സന്ദേശം ഒന്നുകൂടി ആഴത്തിൽ മനസ്സിലാക്കുവാൻ നമുക്ക് ശ്രമിക്കാം.

വിശുദ്ധ യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായ ത്തിലെ ജീവൻ നൽകുന്ന അപ്പത്തെക്കുറിച്ചും ജീവന്റെ അപ്പത്തെക്കുറിച്ചുമുള്ള യേശുവിന്റെ പ്രഭാഷണഭാഗമാണ് ഈ വാക്യം. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനത്തോടുള്ള ശിഷ്യന്മാരുടെ പ്രതികരണത്തിന് യേശു നൽകുന്ന മറുപടിയുടെ ഭാഗമാണ് "ഞാൻ നിങ്ങളോട് പറഞ്ഞ വാക്യങ്ങൾ ആത്മാവും ജീവനുമാണ്" എന്ന വാക്യം.

മൂന്ന് സംഭവങ്ങളുടെ വിവരണത്തോടെ ആരംഭിക്കുന്ന ആറാം അദ്ധ്യായം ആ സംഭവങ്ങളുടെ വ്യാഖ്യാനമായ

യേശുവിന്റെ പ്രഭാഷണത്തിൽ അവസാനിക്കുന്നു. മൂന്നു സംഭവങ്ങൾ ഇവയാണ്. യേശു അത്ഭുതകരമായ രീതിയിൽ അപ്പം വർദ്ധിപ്പിച്ച് ആയിരങ്ങളെ തീറ്റിപ്പോറ്റുന്നതാണ് ആദ്യത്തെ സംഭവം. തന്നെ രാജാവാക്കുവാൻ ശ്രമിച്ച ജനക്കൂട്ടത്തെ പിരിച്ചുവിടുകയും അതിനു കൂട്ടുനിന്ന ശിഷ്യന്മാരെ ഗലീലിയാത്തടാകത്തിന്റെ മറുകരയിലേക്ക് പറഞ്ഞയക്കുകയും ചെയ്ത ശേഷം മലമുകളിൽ ചെന്ന യേശു പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്നതാണ് രണ്ടാമത്തെ സംഭവം. രാത്രിയുടെ നാലാം യാമത്തിൽ കൊടുങ്കാറ്റിലകപ്പെട്ട ശിഷ്യന്മാരുടെ പക്കലേക്ക് കടലിലൂടെ നടന്നുവരുന്നതാണ് മൂന്നാമത്തെ സംഭവം. യേശു ദൈവപിതാവിന്റെ തന്നെ സത്താപരവും യഥാർത്ഥവുമായ സാന്നിദ്ധ്യമാണ് എന്ന് വെളിപ്പെടുന്നവയായിരുന്നു ഈ മൂന്നു സംഭവങ്ങളും. മരുഭൂമിയിൽ വച്ച് ഇസ്രായേൽ ജനത്തിന് മന്നാ നൽകി തീറ്റിപ്പോറ്റിയ ദൈവത്തിന്റെ ദൃശ്യരൂപമാണ് അത്ഭുതകരമായ രീതിയിൽ അപ്പം വർദ്ധിപ്പിക്കുന്ന യേശു. മലമുകളിൽ പ്രാർത്ഥനയിൽ ലയിച്ചിരിക്കുന്ന യേശു തന്റെ അനന്യതയുടെയും ദൗത്യത്തിന്റെയും സ്രോതസ്സ് പിതാവായ ദൈവമാണ് എന്ന് വെളിപ്പെടുത്തുന്നു. കടലിനുമീതെ നടക്കുന്ന യേശു എല്ലാ ശക്തികളും തനിക്ക് അസാദ്ധ്യമായി ഒന്നുമില്ലെന്നും പ്രഖ്യാപിക്കുന്നു. യേശു സ്രഷ്ടാവും സകലത്തിന്റെയും നാഥനുമായ ദൈവമാകുന്നു എന്ന സത്യമാണ് ഈ മൂന്നു സംഭവങ്ങളും വെളിപ്പെടുത്തുന്നത്.

എന്നാൽ യേശു ജീവന്റെ നിറകുടമായ ദൈവമാണ്, ജീവന്റെ അപ്പമാണ് എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാൻ ശ്രമിക്കാതെ ശാരീരിക ജീവൻ നിലനിറുത്താനാവശ്യമായ സാധാരണ അപ്പത്തിനായി പിറ്റേ ദിവസവും ജനക്കൂട്ടം യേശുവിനെ സമീപിച്ചു. വെറും സാധാരണ അപ്പമായ മന്ന ഭക്ഷിച്ചവർക്കൊക്കെ വീണ്ടും വിശക്കുകയും അവർ മരിക്കുകയും ചെയ്ത കാര്യം യേശു അവരെ ഓർമ്മിപ്പിച്ചു. എന്നിട്ട് യേശു അവരോട് പറഞ്ഞു, "ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല... ഇത് ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും" (യോഹ. 6: 35-59).

അപ്പം ജീവനാണ്; ജീവന്റെ സ്രോതസ്സിനെ ഓർമ്മപ്പെടുത്തുന്ന യാഥാർത്ഥ്യമാണ്; ജീവൻ പങ്കുവയ്ക്കാനും അതിലൂടെ





അനേകർക്ക് ജീവനേകാനും കടപ്പെടുത്തുന്ന യാഥാർത്ഥ്യം. "ജീവനുള്ള അപ്പം" എന്ന് സ്വയം യേശു വിശേഷിപ്പിക്കുമ്പോൾ ദിവ്യകാരുണ്യ സാന്നിധ്യത്തെയാണ് സൂചിപ്പിക്കുന്നത്. പിതാവിന്റെ യഥാർത്ഥ സാന്നിദ്ധ്യമായ അപ്പമാണ് താനെന്നും തന്റെ മാംസം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയുമാണ് ആ സാന്നിദ്ധ്യം അനുഭവിക്കാനും സാന്നിദ്ധ്യമാകാനുള്ള മാർഗമെന്നും യേശു പഠിപ്പിക്കുന്നു. യേശു പിതാവിന്റെ വെളിപാടാണെന്നും വിശ്വാസത്തിലൂടെയാണ് ആ വെളിപാട് സ്വീകരിച്ച് ജീവൻ അനുഭവിക്കേണ്ടതെന്നുമുള്ള യാഥാർത്ഥ്യത്തിലേക്കാണ് ഈ പഠനം വിരൽ ചൂണ്ടുന്നത്.

സഭാപിതാക്കന്മാർ പഠിപ്പിക്കുന്നതുപോലെ അപ്പത്തിന്റെയും വചനത്തിന്റെയും ഒരേ മേശയിൽ നിന്നാണ് നാം ജീവൻ സ്വീകരിക്കുന്നതും അതു പരിപോഷിപ്പിക്കുന്നതും. വചനവർഷത്തിൽ ജീവൻ പൂർണ്ണമായി സ്വീകരിക്കാൻ ദിവ്യകാരുണ്യത്തിൽ നൽകപ്പെടുന്ന ജീവനോടു നാം ബന്ധപ്പെടണം. അപ്പം ജീവനായിരിക്കുന്നതുപോലെ, വചനവും ജീവനാണ്. യേശു സ്വജീവിതം സമർപ്പിച്ചത് ജീവന്റെ അപ്പമായും നിത്യജീവന്റെ വചസ്സുകളായും തന്നെത്തന്നെ നമുക്കു നൽകി നമ്മെ ജീവനിലേക്ക് നയിക്കുന്നതിനായിരുന്നു. യേശു ലോകത്തിലേക്ക് വന്ന് നമ്മോടൊത്തു വസിച്ചത് വചനവും സ്വന്തം ശരീരവും വഴിയുള്ള ജീവൻ നമുക്ക് സമൃദ്ധമായി നൽകാനാണ്: "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ. 10:10).

എന്നാൽ യേശുവിന്റെ ഈ വെളിപ്പെടുത്തലുകൾ മനസ്സിലാക്കാനുള്ള കഴിവ് ജനക്കൂട്ടത്തിനും ശിഷ്യന്മാർക്കും ഇല്ലാതെപോയി. യേശുവിന്റെ പ്രബോധനം കേട്ട് അവർ പിറുപിറുത്തുകൊണ്ട് പറഞ്ഞു "ഈ വചനം കഠിനമാണ്: ഇത് ശ്രവിക്കുവാൻ ആർക്ക് കഴിയും?" (യോഹ. 6:60) ഇത് മനസ്സിലാക്കിയ യേശു വളരെ വ്യക്തമായി, ഒരു സംശയത്തിനും ഇട കൊടുക്കാതെ അവരോടു പറഞ്ഞു : "ഇത് നിങ്ങൾക്ക് ഇടർച്ച വരുത്തുന്നുവോ?... ഞാൻ നിങ്ങളോട് പറഞ്ഞ വചനങ്ങൾ ആത്മാവും ജീവനുമാണ്. ഈ സത്യം ഉൾക്കൊള്ളാത്ത ആർക്കും യേശുവിനോടൊപ്പമായിരിക്കാനാവില്ല. തന്നെ വിട്ടുപോകുന്ന ജനക്കൂട്ടത്തെയും ശിഷ്യന്മാരെയും വേദനയോടെ

നോക്കിനിന്ന യേശു 12 അപ്പോസ്തലന്മാരോടും ചോദിച്ചു: “നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ?” ശിമയോൻ പത്രോസ് മറുപടി പറഞ്ഞു: “കർത്താവേ ഞങ്ങൾ ആരുടെ അടുത്തേക്ക് പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്” (യോഹ. 6:67-68). “ഞാൻ നിങ്ങളോട് പറഞ്ഞ വചനങ്ങൾ ആത്മാവും ജീവനുമാണ്” എന്ന സത്യം വിശ്വസിച്ചു കൊണ്ട് പന്ത്രണ്ടു പേരും യേശുവിനോടൊപ്പം ഉറച്ചു നിന്നു. ഈ വചനങ്ങളാണ് ദൈവവചനവർഷത്തിൽ നമ്മുടെ ആപ്ത വാക്യവും ബൈബിൾ വാരത്തിൽ നമ്മുടെ മുഖ്യ ചിന്താ വിഷയവും. പിതാവിന്റെ സാന്നിദ്ധ്യത്തിന്റെ അപ്പമായി, പിതാവിന്റെ വെളിപാടായി പ്രത്യക്ഷനായ യേശുവിന്റെ വാക്കുകളും യേശുവിന്റെ ഉള്ളവും തമ്മിൽ യാതൊരു വിടവുമില്ല. യേശുവിന്റെ വാക്കുകൾ ഹൃദയത്തിൽനിന്നു പുറപ്പെടുന്നു. അത് യേശുവിന്റെ ഹൃദയത്തിന്റെ ഭാഷ്യമാണ്. യേശുവിന്റെ ഹൃദയം ദൈവത്തിന്റേതാണ്. അതിനാൽ യേശുവിന്റെ വാക്കുകൾ ആത്മാവും ജീവനുമാണ്. ദൈവത്തിന്റെ ആത്മാവ്, ദൈവത്തിന്റെ ശ്വാസം, കാറ്റ്, ജീവൻ എന്നൊക്കെ പറയാവുന്ന ദൈവത്തിന്റെ ഉള്ളുതന്നെയാണ്. അത് സത്യമാണ്. അതിനാൽ ആത്മാവും ജീവനും ഒരു സന്ദേശം തന്നെയാണ് സൂചിപ്പിക്കുന്നത്. യേശുവിന്റെ വാക്കും വ്യക്തിത്വവും ഒന്നാകയാൽ യേശു പറയുന്നതും ചെയ്യുന്നതും ആയിരിക്കുന്നതും ഒന്നു തന്നെയാണ്. യേശുവിന്റെ വാക്കുകൾ ജീവൻ തന്നെയായ പിതാവിന്റെ സാന്നിദ്ധ്യത്തിന്റെ സമ്പൂർണ്ണ വെളിപാടാണ്.

യേശുവാണ് ജീവന്റെ ഉറവിടമെന്ന് ഇത് വെളിപ്പെടുത്തുന്നു. ആ ജീവൻ പ്രാപിക്കുവാൻ ജീവന്റെ അപ്പമായ ദിവ്യകാരുണ്യത്തിലൂടെയും വചനത്തിലൂടെയും നൽകപ്പെടുന്ന ജീവനോട് വചനവർഷത്തിൽ കുറേകൂടി ആഴത്തിൽ ബന്ധപ്പെടുവാൻ നമുക്കു കഴിയണം. അങ്ങനെ യേശുവിൽനിന്നു നിത്യജീവനിലേക്കു നിർഗ്ഗളിക്കുന്ന ജീവജലം നമ്മിൽ വന്നു നിറയുവാനും (യോഹ. 4:14) നിറഞ്ഞ് കവിഞ്ഞ് മറ്റുള്ളവരിലേക്കും പ്രവഹിക്കുവാനായി ഈ വചനവർഷത്തിൽ ദൈവാരൂപിയുടെ പ്രവർത്തനങ്ങൾക്ക് നമ്മെത്തന്നെ തുറന്നുകൊടുക്കുവാൻ നമുക്കാവണം. ഇങ്ങനെ വചനത്തെ തുറന്ന മനസ്സോടെ സ്വീകരിക്കാനും ജീവിതബന്ധിയായി സ്വാംശീകരിച്ച് വചനാ





ധിഷ്ഠിത ജീവിത സാക്ഷ്യത്തിലൂടെ ജീവന്റെ സമൃദ്ധിയിലേക്ക് വളരുവാനുമുള്ള ആഹ്വാനമാണ് “ദൈവവചനം- ജീവന്റെ നിറവിന്” എന്ന ആപ്തവാക്യം നമുക്ക് നൽകുന്നത്.

## ബൈബിൾ വാരാചരണം

ബൈബിൾ വാരാചരണത്തിൽ നമ്മുടെ ദേവാലയങ്ങളിലും കുടുംബങ്ങളിലും ഉപയോഗിക്കേണ്ട വായനകളും വിചിന്തനങ്ങളും പ്രാർത്ഥനകളുമടങ്ങിയ ലഘുലേഖ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ദിവസവും ദേവാലയങ്ങളിൽ ദിവ്യബലിയർപ്പണത്തിനു ശേഷം വിശ്വാസികൾ ചേർന്നും കുടുംബങ്ങളിൽ സന്ധ്യാപ്രാർത്ഥനയിൽ കുടുംബാംഗങ്ങളൊന്നിച്ചും ബൈബിൾ വായിക്കാനും പ്രാർത്ഥിക്കാനും അവ ഉപയോഗിക്കണം. ബൈബിൾ വാരത്തോടനുബന്ധിച്ച്, പ്രത്യേകിച്ചും ഈ വചന വർഷത്തിൽ, വിവിധ പരിപാടികൾ എല്ലാ രൂപതകളും ആസൂത്രണം ചെയ്യുന്നുണ്ടല്ലോ. ബൈബിൾ ശുശ്രൂഷ, പ്രഭാഷണങ്ങൾ, റാലി, ക്ലാസ്സുകൾ, കലാ സാഹിത്യമത്സരങ്ങൾ, വീടുകളിൽ ബൈബിൾ പ്രതിഷ്ഠകൾ തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ഭാഗത്തുനിന്നു സാദ്ധ്യമായ എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കുവാനുള്ള സന്നദ്ധത രൂപതാ ബൈബിൾ ഡയറക്ടർമാരെ അറിയിച്ചിട്ടുണ്ട്. വചനവർഷാചരണം പ്രത്യേകം പരിപാടികളോടെ സമുചിതമായി സമാപിപ്പിക്കണമെന്ന കാര്യവും പ്രത്യേകം ഓർമ്മിപ്പിക്കുന്നു. കൂടാതെ, കെ.സി.ബി.സി. ബൈബിൾ കമ്മീഷനുവേണ്ടി ബൈബിൾ ഞായറാഴ്ച ഓരോ ഇടവകയിലും നടത്തുന്ന പിരിവ് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ഓരോ ഭവനത്തിനും ഒരു ബൈബിൾ

വചനവർഷത്തിൽ കേരളത്തിലെ എല്ലാ ക്രിസ്തീയഭവനങ്ങളിലും സമ്പൂർണ്ണ ബൈബിളിന്റെ ഒരു കോപ്പിയുണ്ടെന്ന് നാം ഉറപ്പുവരുത്തണം. ഇനിയും ബൈബിൾ വാങ്ങാൻ സാധിക്കാത്ത പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ നിരക്കിൽ ബൈബിൾ നൽകുവാനായി സാമാന്യം നല്ലൊരു തുക (15 ലക്ഷം രൂപ) കേരളാ കാത്തലിക് ബൈബിൾ സൊസൈറ്റി ചിലവഴിക്കുന്നുവെന്ന കാര്യം സന്തോഷത്തോടെ അറിയിക്കുന്നു. എന്നാൽ

ഇത് മതിയാവുമെന്ന് തോന്നുന്നില്ല. വചനവർഷത്തിൽ ബൈബിളില്ലാത്ത ഒരു ഭവനവും കേരളത്തിൽ ഉണ്ടായിരിക്കരുത്. സാമ്പത്തിക കാരണം കൊണ്ട് ബൈബിൾ വാങ്ങാൻ ബുദ്ധിമുട്ടുള്ളവർക്ക് ബൈബിൾ വില കുറച്ച് നൽകുവാനായി കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ഉദാരമതികളുടെ സഹായസഹകരണത്തോടെ "ഓരോ ഭവനത്തിനും ഒരു ബൈബിൾ" എന്ന ഒരു പദ്ധതി തുടങ്ങുകയാണ്. ഈ പദ്ധതിയിലേക്ക് താത്പര്യവും കഴിവുമുള്ള വ്യക്തികളിൽ നിന്നും ഇടവകകളിൽനിന്നും സന്യാസഭവനങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഉദാരപൂർവ്വകമായ സംഭാവനകൾ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും സംഭാവനകളും നൽകി ഈ സംരംഭത്തെ വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സംഭാവനകൾ **"സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി. , പാലാരിവട്ടം - 682 025"** എന്ന വിലാസത്തിലാണ് അയക്കേണ്ടത്.

വചനവർഷത്തിലെ ഈ ബൈബിൾ വാരാചരണം കേരള സഭയെ സംബന്ധിച്ചിടത്തോളം സമൃദ്ധമായ ദൈവാനുഗ്രഹങ്ങളുടെയും അഗാധമായ ദൈവാനുഭവത്തിന്റെയും അവസരമായിരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. "പരസ്പരം പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുമ്പോഴും കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ ദൈവത്തിന് സങ്കീർത്തനങ്ങളും ഗാനങ്ങളും ആത്മീയഗീതങ്ങളും പാടുമ്പോഴും ക്രിസ്തുവിന്റെ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ" (കൊള. 3:16)

സ്നേഹത്തോടെ,

**+ ആർച്ച്ബിഷപ്പ് സൂസപാക്യം**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ അംഗങ്ങൾ :**

**ബിഷപ്പ് ഗീവർഗീസ് മാർ ദിവന്ന്യാസിയോസ്**
**ബിഷിപ്പ് മാർ ജോസഫ് പെരുന്നേടം**





# സെമിനാരി പ്രവേശനം

## 2/LP/2008

വന്ദ്യ വൈദികരെ, സന്യാസിനി സന്യാസികളെ,
പ്രിയ സഹോദരി സഹോദരന്മാരെ,

സാർവ്വത്രികസഭ ഇന്ന് പെന്തക്കുസ്ത തിരുന്നാൾ ആഘോഷിക്കുകയാണ്. ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവ് ആവസിച്ചതിന്റെ ഓർമ്മയാണിത്. പരിശുദ്ധാത്മാവിന്റെ ആവാസം യേശുശിഷ്യന്മാരെ സുധീരം യേശുവിന് സാക്ഷികളാകുവാൻ ശക്തി നൽകി. അവിടുത്തെക്കുറിച്ചുള്ള ജ്ഞാനത്തിൽ കൂടുതൽ ആഴമുള്ളവരാക്കി. അത് അവരെ ഉത്തമ യേശുശിഷ്യരാക്കുകയും അതുവഴി തങ്ങളുടെ ദൗത്യനിർവ്വഹണത്തിൽ നേരിടേണ്ടിവരുന്ന പീഢനങ്ങളെ അഭിമുഖീകരിക്കുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തു. യേശുവിനോടുകൂടെ ആയിരിക്കുകയും, പരിശുദ്ധാത്മാവ് അവരിൽ ആവസിക്കുകയും ചെയ്തപ്പോഴാണ് അവർ ശക്തരായ യേശു സാക്ഷികളായി രൂപാന്തരപ്പെട്ടത്. തന്റെ ഈ ലോകത്തിലെ ദൗത്യം തുടർന്നുകൊണ്ടുപോകുവാൻ വേണ്ടിയാണ് യേശു ശിഷ്യന്മാരെ രൂപപ്പെടുത്തിയത്.

രക്ഷാകരമായ ഈ ദൗത്യം യേശു സഭയെ ഏൽപിച്ചു. അത് തുടർന്നുകൊണ്ടുപോകേണ്ടത് സഭയുടെ ഉത്തരവാദിത്വമാണ്. അതിനായി ഇന്നും തനിക്ക് യോഗ്യരായവരെ, തന്റെ പ്രതിനിധികളിലൂടെ വിളിക്കുകയും തന്നോടുകൂടെ ആയിരിക്കുവാൻ പ്രേരിപ്പിച്ചുകൊണ്ട് ഒരുക്കുകയും, സഭയിലെ അധികാരികൾ വഴി, അവരെ പൂർണ്ണമായും സജ്ജരാക്കുകയും ദൗത്യനിർവ്വഹണത്തിനായി അയക്കുകയും ചെയ്യുന്നു. ഈ പ്രക്രിയ ഇന്നും തുടരുന്നു. യേശുവിനും അവിടുത്തെ സുവിശേഷത്തിനുമായി സ്വയം സമർപ്പിക്കുവാൻ സന്നദ്ധരായ, ത്യാഗമനോഭാവവും, സേവനതല്പരതയും, പ്രാർത്ഥനാ

ചൈതന്യവുമുള്ള എസ്.എസ്.എൽ.സി.യോ ഉപരിവിദ്യാഭ്യാസ യോഗ്യതയോ ഉള്ള യുവാക്കന്മാർക്ക് നമ്മുടെ രൂപതാ സെമിനാരിയിൽ പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്. സെമിനാരിയിൽ ചേരുവാൻ താല്പര്യമുള്ളവർ തങ്ങളുടെ താല്പര്യം കാണിച്ച് ബഹു. വികാരിയച്ചന്റെ ശുപാർശയോടെ മേയ് 20-ാം തിയതിക്കുമുമ്പായി അപേക്ഷ സമർപ്പിക്കേണ്ട താണ്. സെമിനാരിയിൽനിന്നും ലഭിക്കുന്ന അപേക്ഷ ഫോറം പൂരിപ്പിച്ച് ആവശ്യമായ സാക്ഷ്യപത്രങ്ങൾ സഹിതം ജൂൺ 4-ാം തിയതിക്കുമുമ്പായി തിരിച്ചെത്തിക്കണം. സെമിനാരി പ്രവേശന ത്തിനുള്ള ഇന്റർവ്യൂ ജൂൺ മാസം 10-ാം തിയതി ചൊവ്വാഴ്ച രാവിലെ 9 മണിക്ക് ഫോർട്ടുകൊച്ചി അരമനയിൽവച്ച് നടത്ത പ്പെടുന്നതായിരിക്കും. ഇന്റർവ്യൂവിനായി അപേക്ഷകൻ മാതാപിതാക്കളോടൊപ്പം ഹാജരാകേണ്ടതാണ്.

വൈദിക പരിശീലനത്തിന് നിങ്ങൾ നൽകുന്ന എല്ലാ പ്രോത്സാഹനങ്ങൾക്കും സഹായങ്ങൾക്കും നന്ദിപറയുന്നതോ ടൊപ്പം, യോഗ്യരായവരെ കണ്ടെത്തുവാനും ആവശ്യമായ രൂപീകരണം നൽകുവാനും സാദ്ധ്യമാകട്ടെ എന്ന് പ്രാർത്ഥി ക്കുന്നു. നമ്മുടെ വൈദിക വിദ്യാർത്ഥികൾക്കും അവരുടെ രൂപീകരണത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്നവർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് യേശുവിൽ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

എന്ന്,

**മോൺ. പീറ്റർ തൈക്കൂട്ടത്തിൽ**
കൊച്ചി രൂപതാ വികാരി ജനറൽ





# CONGREGATIO PRO CLERICIS

Vatican City, 14th of April 2008

N.20080918

Your Eminence/Your Excellency,

In anticipation of "World Day of Prayer for the Sanctification of Priests," tentatively to be celebrated on Friday, May 30, the Feast of the Sacred Heart of Jesus, but which each diocese can celebrate on another date which might be more convenient from a local perspective, this Congregation encloses the text of a letter to those most important collaborators of the Episcopal order.

In the hope that each priest might be increasingly animated by the holy desire to bring the gift of faith and the offer of eternal salvation to all people, I take this opportunity to renew my sentiments of esteem and with every best wish, I remain,

Yours sincerely in Christ,

✠ **Mauro Piacenza**
Titular Archbishop of Vittoriana
Secretary

# PRAYERS OF PRIESTS

## A prayer priests might say on a daily basis

Almighty God, we pray that your grace may assist us in the ministerial priesthood to serve you worthily and devoutly, in complete purity, and in good conscience. And if we are unable to live our lives with such innocence, grant that we weep bitterly over the evil we have done. Grant that we may serve you ever fervently with a spirit of humility, with right intention of good will. We ask this through Christ our Lord. Amen.

## Invocation

O good Jesus, make me a priest after your own Heart.

## Prayer to Jesus Christ

Most beloved Jesus, with a singular benevolence you have called me from among thousands of men to follow you in the excellence of priestly dignity. I beg you for the divine strength to rightly fulfil my ministry. I implore you, Lord Jesus, to daily renew the grace given to me through the imposition of the hands of the Bishop. O most powerful doctor of souls, heal me so that I may not fall back into evil, that I may flee from every sin, and that I may do what is pleasing in your eyes until the hour of my death. Amen.

## Prayer to implore the grace to safeguard chastity

Lord Jesus Christ, spouse of my soul, delight of my heart and my soul, I fall on my knees before you, praying and fervently beseeching you to allow me to persevere and grow in the true faith each day. O sweet Jesus, grant that I may reject all impiety and that I may be a stranger to the carnal desires and earthly





concupiscence which fight against my soul. Through your help, may I preserve my chastity unstained.

O most holy and immaculate Virgin Mary, Virgin of virgins and most beloved Mother, purify my heart and soul each day, and obtain for me a holy fear of the Lord and a particular distrust of my own strength.

St. Joseph, guardian of the virginity of Mary, keep my soul from all sin.

All of you holy Virgins who unceasingly follow the divine Lamb, be solicitous to me a sinner, that I may avoid sin in thoughts, words, actions or omissions, and that I may never be far from the most chaste heart of Jesus. Amen. ●

പ്രിയ ബഹുമാനപ്പെട്ട അച്ചാ / സിസ്റ്റർ /
സഹോദരി / സഹോദരന്മാരേ,

കൊച്ചി രൂപതയുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് അഭിവന്ദ്യ പിതാവ് ദശവത്സര പദ്ധതി പ്രഖ്യാപിച്ചിട്ട് അഞ്ച് വർഷം പിന്നിടുകയാണല്ലോ. കടന്നുപോയ വർഷങ്ങളിലേക്ക് ഒരു എത്തിനോട്ടം നടത്താനും പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനും ആഗ്രഹിച്ചുകൊണ്ട് 36/A/2008 ഓർഡർ പ്രകാരം ഒരു കമ്മീഷനെ നിയമിക്കുകയുണ്ടായി. കമ്മീഷൻ അംഗങ്ങളായി ഫാ. ജിജു കൊച്ചുകരിയിൽ, ഡോ. എഡ്വേർഡ് എടേഴത്ത്, പ്രൊഫ. സി.ഡി. സെബാസ്റ്റ്യൻ, ശ്രീ. ഫ്രാൻസീസ് സേവ്യർ പുത്തൻപുരയ്ക്കൽ എന്നിവരെയു ഉൾപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് അങ്ങയുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഏറെ ആവശ്യ മാണ്. അതിനാൽ താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ എഴുതി ഈ മാസം 24-ാം തിയതിക്ക് മുമ്പായി അരമനയിൽ എത്തിക്കുവാൻ അഭ്യർത്ഥി ക്കുന്നു.

1. ദശവത്സര പദ്ധതിയുടെ പ്രവർത്തനങ്ങൾ എങ്ങനെ നിങ്ങൾ വിലയിരുത്തുന്നു ? അതിന്റെ സുപ്രധാന ലക്ഷ്യ ങ്ങൾ എന്ത് ? ലക്ഷ്യപ്രാപ്തിയിൽ എത്രമാത്രം വിജയിച്ചു?
2. ദശവത്സര പദ്ധതിയിൽ വിജയകരമായി മുന്നേറുന്ന പദ്ധതി കളും പ്രവർത്തനങ്ങളും ഏവ ?
3. കൂടുതൽ നന്നാക്കേണ്ട / മെച്ചപ്പെടുത്തേണ്ട മേഖലകൾ ഏവ ?
4. ദശവത്സര പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ ?
5. തുടർന്നുള്ള അഞ്ച് വർഷങ്ങൾ എപ്രകാരം മുന്നേറണം ?

നാൾ ഇതുവരെയുള്ള അങ്ങയുടെ സഹകരണത്തിനും പദ്ധതി പ്രവർത്തനങ്ങൾക്ക് നൽകിയ പിൻബലത്തിനും നന്ദി പറഞ്ഞുകൊണ്ട്,

സ്നേഹപൂർവ്വം.

**മോൺ. പീറ്റർ തൈക്കൂട്ടത്തിൽ**
കൺവീനർ, വികാരി ജനറൽ





# SPECIAL COMMISSION FOR EVALUATION OF TEN YEAR PLAN OF THE DIOCESE OF COCHIN
## 36/A/2008

In view of an overall development of the Diocese, a scheme was started under the name of "Ten Year Plan" in the year 2002, and Very Rev Fr. Antony Kochukariyil was appointed as Episcopal Vicar for Ten Year Plan. Under his able guidance the plan has completed five years. At this juncture it is urgent to evaluate the plan and its implementation during the last five years. With this purpose in view, I, hereby, nominate a commission composed of the following members:

1. **Rt. Rev. Msgr. Peter Thaikoottathil** (Chairman)
2. **Rev. Fr. Jiju Kochukariyil**
3. **Dr. Edward Edezhath**
4. **Prof. C. D. Sebastian**
5. **Mr. Francis Xavier Puthenpurakal**

It will be the duty of the commission to present a report on:

1. How much the TYP has contributed to the overall development of the diocese.
2. The TYP foresees 15 areas of development. Which are the areas that had greater success and which are those laid behind?
3. For the second half of TYP which are the areas to be given more stress? And Why?

The commission shall be operative with immediate effect; it is expected to give me the report within three months from now. All those who are concerned are hereby requested to extend to the commission and its members all possible support and collaboration.

Given at the Bishop's House, Fort Cochin, on April 25, 2008.

✠ **John Thattumakal**
Bishop of Cochin

# BISHOP'S ENGAGEMENTS IN JUNE - 2008

| DATE | TIME | VENUE | PURPOSE |
|---|---|---|---|
| 04 Wed | 10.00 a.m. | Bishop's House | Monthly Recollection |
| 12 Thu | | | Return to Cochin |
| 13 Fri | 09.00 a.m. | Bishop's House | Office work |
| 16 Mon | 09.00 a.m.<br>04.00 p.m. | Bishop's House | Meeting people<br>Fatima Hospital Board Meeting |
| 17 Tue | 03.30 p.m. | Bishop's House | Coordination Committee |
| 18 Wed | 10.00 a.m.<br>03.00 p.m. | Bishop's House<br>Bishop's House | Consultors Meet<br>Senate of Priests |
| 19 Thu | 09.00 a.m.<br>04.00 p.m.<br>06.30 p.m. | Bishop's House<br>Ernakulam<br>Edacochin | Meeting people<br>Jeevanaadam Board Meet<br>Mass at Shanti Bhavan |
| 20 Fri | 09.00 a.m. | Bishop's House | Office work |
| 22 Sun | 09.30 a.m.<br>11.00 a.m. | | Mass - Inauguration of DPC<br>Orientation Talk on DPC<br>Programme of Community Empowerment Year |





| | | | |
|---|---|---|---|
| 23 Mon | 09.00 a.m.<br>04.00 p.m. | Bishop's House | Meeting people<br>Fatima Hospital Board Meeting |
| 25 Wed | | | Consecration Day |
| 26 Thu | 09.00 a.m.<br>04.00 p.m.<br>07.00 p.m. | Bishop's House<br>Ernakulam<br>Bishop's House | Meeting people<br>Jeevanaadam Board Meet<br>Samudayakariyalayam Board Meeting |
| 27 Fri | 09.00 a.m.<br>03.00 p.m. | Bishop's House<br>Bishop's House | Office work<br>Meeting with PMI Fathers |
| 29 Sun | 03.00 p.m.<br>05.00 p.m. | Cath. Centre | State KCYM Convention<br>Professionals Meet |
| 30 Mon | 09.00 a.m.<br>04.00 p.m. | Bishop's House | Meeting people<br>Fatima Hospital Board Meeting |